

# കുഞ്ഞിക്കിളിയും അണ്ണാൻ കുഞ്ഞും

• തമ്പാൻ തായിനേരി

പുഴക്കരയിലുള്ള തലപോയ കൊന്നത്തെങ്ങിന്റെ മണ്ടയിലാണ് കുഞ്ഞിക്കിളിയുടെ കൂട്. അത് തനിയെ ഉണ്ടായതല്ല. ഒരാഴ്ചത്തെ അദ്ധ്വാനം കൊണ്ട് കൊത്തി ഉണ്ടാക്കിയതാണ്. കുഞ്ഞിക്കിളിക്കും മകൾക്കും സുഖമായി വസിക്കാനുള്ള കൂടായിരുന്നു അത്.

ഒരു ദിവസം പകൽ മുഴുവനും ചുറ്റിയടിച്ച് വയറും നിറച്ച് കൂട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച... കുഞ്ഞിക്കിളി ഞെട്ടി. കൂട്ടിൽ അധികാരം സ്ഥാപിച്ച് വാലൻ തത്ത ഇരിക്കുന്നു. "വാലൻ തത്തേ, ഇതെന്തൊരു പണിയാ... ഇതെന്റെ കൂടാ... വേഗം ഇറങ്ങിപൊയ്ക്കോ...'' കുഞ്ഞിക്കിളിയുടെ വാക്കുകൾ കേട്ടപ്പോൾ വാലൻ തത്ത പരിഹാസത്തോടെ പറഞ്ഞു: "ബലപ്രയോഗത്തിനാണ് ഭാവമെങ്കിൽ നടക്കില്ല കുഞ്ഞിക്കിളീ... ഈ കൂട് ഞാൻ വിട്ടുതരില്ല. എനിക്കും മക്കൾക്കും മഴക്കാലം കഴിയും വരെ ഇവിടെ സുഖമായി കൂടണം.''

"അന്യന്റെ കൂട് പിടിച്ചെടുക്കുന്നത് എന്തു ന്യായമാ... വേഗം ഇറങ്ങി പോയ്ക്കോ.''

"നീ വേണമെങ്കിൽ താഴെ ഒരു പുതിയ കൂട് കൊത്തി ഉണ്ടാക്കൂ... എനിക്കും മക്കൾക്കും മുകളിലത്തെ

▸▸ വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്– ഹിപ്പോക്രാറ്റസ്



നിലയിൽ തന്നെ കൂടണം. ഇവിടുന്ന് നോക്കുമ്പോൾ എന്തുരസമാ... എന്തെല്ലാം കാഴ്ചകളാണ് ശത്രുക്കളെ ഭയപ്പെടുകയും വേണ്ട.''

കുഞ്ഞിക്കിളി സങ്കടപ്പെട്ടു. വാലൻ തത്തയെ ബലം പ്രയോഗിച്ച് ഇറക്കിവിടാനൊന്നും തനിക്ക് ശേഷിയില്ല. കുഞ്ഞിക്കിളി ആകെ പ്രയാസത്തിലായി. മഴക്കാലത്ത് എവിടെ കഴിയും?! കുഞ്ഞിക്കിളി സങ്കടം അത്തിമരത്തിലെ അണ്ണാൻ കുഞ്ഞിനോടു പറഞ്ഞു. അണ്ണാൻ കുഞ്ഞ് കൊന്നത്തെങ്ങിന്റെ മുകളിലേക്കു നോക്കിക്കൊണ്ട് പറഞ്ഞു.

“ഞാനൊന്നു നോക്കട്ടെ, എന്നിട്ട് കാര്യം പറയാം.''

അണ്ണാൻ കുഞ്ഞ് കൊന്നത്തെങ്ങിന്റെ മുകളിൽ കയറി നിരീക്ഷണം നടത്തി തിരിച്ചുവന്നശേഷം പറഞ്ഞു: “വാലൻ തത്തയോട് തൽക്കാലം വഴക്കിനൊന്നും പോകണ്ട. കൊന്നത്തെങ്ങിന്റെ ചുവട്ടിൽ സ്ഥലം ബാക്കിയുണ്ടല്ലോ. എളുപ്പത്തിൽ ഒരു കൂടുണ്ടാക്കൂ.''

“അപ്പോൾ നീയും ആ ദ്രോഹിയുടെ ഭാഗത്താ അല്ലേ...'' കുഞ്ഞിക്കിളി സങ്കടത്തോടെ ചോദിച്ചു. “നീ ഒട്ടും സങ്കടപ്പെടേണ്ട, ദ്രോഹിച്ചതിന്റെ ഫലം അവനുതന്നെ കിട്ടും.''

“അതെങ്ങനെ ചേട്ടാ... വാലൻ കേമനല്ലേ.''

“നീ കണ്ടോളൂ... കാണാൻ പോകുന്ന പൂരം കേട്ടറിയേണ്ട...'' അണ്ണാൻ കുഞ്ഞ് പറഞ്ഞതിന്റെ പൊരുളൊന്നും കുഞ്ഞിക്കിളിക്ക് പിടികിട്ടിയില്ല. മഴക്കാലം കഴിയും വരെ ഒരു കൂടു വേണം. മുകളിലത്തെ നിലയൊന്നും വേണ്ട. താഴെ ഒതുങ്ങിക്കഴിഞ്ഞാൽ മതി. കൂടു നിർമാണക്കാരായ മരം കൊത്തികളെ കണികാണാനില്ല.

അങ്ങനെ കുഞ്ഞിക്കിളി രണ്ടു ദിവസത്തെ അധ്വാനം കൊണ്ട് കൊന്നത്തെങ്ങിന്റെ താഴെ ഒരു കൂടുണ്ടാക്കി മക്കളുമായി പാർപ്പു തുടങ്ങി. അങ്ങനെ താമസിയാതെ മഴക്കാലം വന്നു. ഒരു രാത്രി മഴയുടെ കൂടെ കാറ്റും എത്തി. രണ്ടുപേരും തകർക്കുകയാണ്. മുകളിലത്തെ നിലയിൽ വാലൻ തത്തക്കും മക്കൾക്കും പരമ സുഖമായിരിക്കും. ഉറക്കത്തിൽ എന്തോ ഒരു വലിയ ശബ്ദം കേട്ട് കുഞ്ഞിക്കിളി ഞെട്ടി. മുകളിലത്തെ ഭാഗം പുഴയിലേക്ക് പൊട്ടിവീണിരിക്കുന്നു. വാലൻ തത്തയും മക്കളും പുഴവെള്ളത്തിൽ വീണു. “അയ്യോ! രക്ഷിക്കണേ...'' വാലൻ കരഞ്ഞു.

അത്തിമരത്തിൽ നിന്നും ഓടിയെത്തിയ അണ്ണാൻ കുഞ്ഞ് പറഞ്ഞു: “കണ്ടില്ലേ, ദ്രോഹിക്കു ശിക്ഷ കിട്ടി. ഇപ്പോൾ ഞാൻ പറഞ്ഞതിന്റെ പൊരുള് നിനക്ക് പിടികിട്ടിയില്ലേ. കൊന്നത്തെങ്ങിന്റെ മുകൾഭാഗം കേടുപിടിച്ചതാ... പ്രകൃതിയുടെ കോപത്തിൽ എത്ര കേമന്മാരും നിലം പൊത്തും കുഞ്ഞിക്കിളീ...''

“അതിന് ആ കുഞ്ഞുങ്ങൾ എന്ത് തെറ്റു ചെയ്തു?! വാ നമുക്ക് അവരെ രക്ഷിക്കാം.'' കുഞ്ഞിക്കിളി പറഞ്ഞു. അവർ പുഴയിലേക്ക് ചെന്നു.

•




## എ.ടി.എം

ഇന്ത്യയിൽ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന എ.ടി.എം സിക്കിമിലെ തെഗുവിലാണുള്ളത്. ആക്സിസ് ബാങ്കാണിത് തുറന്നത്. ലോകത്തിലെ ആദ്യത്തെ ഒഴുകുന്ന എ.ടി.എം 2004 ഫെബ്രുവരിയിൽ തുടങ്ങിയത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണ്. കൊച്ചിക്കും വൈപ്പിനുമിടയിൽ സർവ്വീസ് നടത്തുന്ന ഒരു ജങ്കാർ ബോട്ടിലായിരുന്നു ഇത്.

▸▸ പ്യൂണിക് യുദ്ധങ്ങളിൽ ഏറ്റുമുട്ടിയത്- റോമും കാർത്തേജും